# ജി.എച്ച് എസ്.എസ്

**കിഴക്കഞ്ചേരി**




# ഋതു

## ഇ–മാഗസിൻ 2023 –24

# EDITORIAL BOARD

## Editor



Asa Aravind
Lk Mistress

## Students Editor

| | |
|---|---|
| Abhirami | - 8C |
| Nimisha | - 8C |
| Anusree | - 8C |
| Deepthi | - 8C |
| Ashik Saju | - 9C |



## എല്ലാവർക്കും നമസ്കാരം

ജി.എച്ച്.എസ്.എസ് കിഴക്കഞ്ചേരിയിൽ 2019 മുതൽ കുട്ടി പട്ടങ്ങൾ (Little Kites) ടെ പ്രവർത്തനം ആരംഭിച്ചു. ഏകദേശം 40 ഓളം കുട്ടികളെ എല്ലാ വർഷവും മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ മിടുക്കൻമാരെയും മിടുക്കികളെയും കണ്ടെത്തി വിവര സാങ്കേതികവിദ്യയിൽ കൂടുതൽ കരുത്താർജിച്ച് തുടർന്ന് നടത്തുന്ന പരീക്ഷകളിലെല്ലാം വിജയിച്ച് ഗ്രേസ് മാർക്ക് കരസ്ഥമാക്കുകയും ഒട്ടനവധി പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും ചെയ്യുന്ന ഈ കുരുന്നുകൾക്ക് 2023–24 അധ്യയനവർഷത്തിലും കൂടുതൽ കരുത്താർജിക്കാനുള്ള കഴിവ് സർവ്വേശ്വരൻ നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം ഈ ബാച്ചുകാർക്ക് എല്ലാവിധ ആശംസകളും നേരുന്നു. എപ്പോഴും കുട്ടികൾക്കൊപ്പം നിൽക്കുന്ന ലിറ്റിൽകൈറ്റ്സ് മിസ്ട്രസ്മാരായ ആശ ടീച്ചർ, ലിൻഡ ടീച്ചർ എന്നിവർക്ക് പ്രത്യേക അഭിനന്ദനങ്ങൾ.

സ്നേഹത്തോടെ
ഹെഡ്മിസ്ട്രസ്സ്
സാഹിദ ടീച്ചർ.

## സർഗാത്മകത സാങ്കേതിക
## വിദ്യയുടെ ചിറകിലേറുമ്പോൾ........

പുതിയ  കാലത്തിന്റെ ചുവരെഴുത്തുകൾ  virtual അക്ഷരങ്ങളായി
പിറവി എടുക്കുമ്പോൾ.......

little kites unit ഒരുക്കുന്ന
**E MAGAZINU** ആശംസകൾ  നേരുന്നു...



Tessy Rose Mundassery
Senior Assistant

ഭാവനയുടെ ലോകത്തേക്ക് പറന്നുയർന്ന കുഞ്ഞി പട്ടങ്ങൾ തങ്ങളുടെ ഉള്ളിലുള്ള ആശയങ്ങളെ ആവിഷ്കരിക്കാൻ സാധിച്ചതിൽ അതിയായ സന്തോഷം. ഇതിനൊപ്പം തണലായി നിന്ന അധ്യാപകർ, രക്ഷിതാക്കൾ, എന്നിവരെ നന്ദിയാലെ സ്മരിക്കുന്നു. തുടർന്നും അക്ഷരങ്ങളും ചിത്രങ്ങളും ചേർത്ത് വച്ച് ഭാവനയുടെ ലോകത്ത് വിഹരിക്കാൻ സാധിക്കട്ടെ..... എഴുത്തിന്റെയും ചിത്രങ്ങളുടെയും പുതുലോകം തീർക്കാൻ കുഞ്ഞി പട്ടങ്ങൾക്ക് കഴിയട്ടെ എന്നാശംസിക്കുന്നു.



Smt:Aneesha Rahman
SITC and HST mathematics

Thejas .T.M
IX-D

# മയക്കുമരുന്നിൽ അലിയുന്ന കൗമാരം



വിദ്യാർഥികളെ ജീവിതം അപകടത്തിൽ ആക്കുന്ന സാധനമാണ് മയക്കുമരുന്നുകൾ കേരളത്തിലാണ് അധികമായും മയക്കുമരുന്നുകൾ അടിമപ്പെട്ട വിദ്യാർത്ഥികൾ ഉള്ളത് എന്ന് നമ്മൾ മനസ്സിലാക്കിയിരിക്കുന്നു.


മയക്കുമരുന്നുകൾക്കടിമപ്പെട്ടവരെ ഇന്നത്തെ കാലത്ത് കാണുന്നത് അപൂർവ്വം ഒന്നുമല്ല അതിൽ ഭൂരിഭാഗവും കൗമാരക്കാരായ വിദ്യാർത്ഥികൾ ആണെന്ന് നമ്മൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു മയക്കു മരുന്നുകൾ ഉപയോഗിക്കുമ്പോൾ അവർ അറിയുന്നില്ല താങ്കളുടെ ജീവിതം നശിച്ചുകൊണ്ടിരിക്കുകയാണ് കൗതുകത്തോടെ ഉപയോഗിക്കുന്ന മയക്കുമരുന്നുകൾ കുറച്ചുനാൾ കഴിയുമ്പോൾ അവരെ ഭക്ഷിച്ചു തുടങ്ങും എന്ന സത്യം അവർക്ക് അറിയില്ല.

ലഹരി മരുന്നുകൾ വിദ്യാർത്ഥികളെ കയ്യിൽ എത്തിക്കാൻ ശ്രമിക്കുന്ന ധാരാളം രാജ്യ ദ്രോഹികൾ ഇന്നത്തെ സമൂഹത്തെ നിലനിൽക്കുന്നുണ്ട് അവരുടെ വലയിൽ വീടാതെ സൂക്ഷിക്കേണ്ടത് നമ്മുടെ ഏറ്റവും വലിയ കടമയാണ് പേന പിടിക്കേണ്ട കാലത്ത് കഞ്ചാവും സിഗരറ്റും കയ്യിൽ പിടിക്കുന്ന വിദ്യാർത്ഥികൾ നമ്മുടെ സമൂഹത്തിലുണ്ട് മരണത്തെ കയ്യിൽ പിടിച്ചുകൊാണ് അവർ ജീവിക്കുന്നത് എന്ന് അവർ അറിയുന്നില്ല തന്റെ അച്ഛനമ്മമാരുടെ സ്വപ്നത്തെയും തന്റെ കുട്ടിയെ ഉള്ള അവരുടെ പ്രതീക്ഷയെയും കൂടിയാണ് ലഹരി ഉൽപ്പന്നങ്ങൾ നശിപ്പിക്കുന്നത്.

വിദ്യാർത്ഥികൾ മയക്കു മരുന്നുകൾ ഉപയോഗിക്കാതിരിക്കാൻ വേണ്ടി നമ്മൾ പൊരുതണം അല്ലെങ്കിൽ ഒരു കുടുംബം തന്നെ നശിച്ചു പോകും ലഹരി മരുന്നുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിൽക്കുന്ന കുറ്റവാളികൾക്കെതിരെ നമ്മൾ പൊരുതണം മയക്കുമരുന്നുകൾ മാർക്കറ്റുകളിൽ വിൽക്കുന്നത് നിരോധിച്ചാൽ നമ്മുടെ സമൂഹത്തെ വൃത്തിയുള്ളതാക്കുന്നത് വളരെ എളുപ്പമാകും പാമ്പിന്റെ വിഷയത്തെക്കാൾ വീര്യമുള്ള മയക്കുമരുന്നുകൾ ഉപയോഗിക്കുന്ന കൗമാരക്കാർ അവരെ മാത്രമല്ല മറിച്ച് സഹപാഠികളെ കൂടിയാണ് മയക്കുമരുന്നുകളുടെ അടിമത്വത്തിൽ പോയി ചേരാൻ പ്രേരിപ്പിക്കുന്നത് ലഹരി ഉൽപന്നങ്ങൾ ഉപയോഗിക്കാതെ നല്ല ജീവിതം നമ്മൾ കൗമാരക്കാർ നയിച്ചാൽ നമ്മുടെ ജീവിതത്തിലേക്ക് വരുന്ന വെളിച്ചം അധികമാവും. നമ്മൾ കാരണം നമ്മുടെ അച്ഛനും അമ്മയും ദുഃഖിക്കരുത് നമ്മളെ നമ്മൾ തന്നെ സൂക്ഷിക്കേണ്ടിയിരിക്കുന്നു.



Abijith.K
VIII-A



# തനിയെ

ആരോടോ ഞാൻ അർത്ഥിക്കുന്നു.
തെളിനീരിതാ തനിയെ ഒഴുകുന്നു.
വിരലുകൾ കൊണ്ടു ഞാൻ തലോടുന്നു പതിയെ.
ആരാരും അറിയാതെ നിദ്രയിലേക്ക്
ഓടി ഞാൻ
സ്വപ്നങ്ങൾ കൊണ്ടു ഞാൻ തീർത്തൊരു
തുലാഭാരം തനിയെ
പരിമണത്താൽ താനെ വീശുന്നു വായൂ
ധ്വോണികൾ കൊണ്ട് ഉണരുന്നു താനെ
നോക്കുമ്പോൾ പറവകൾ പറക്കുന്നു മെല്ലെ
ആരോടോ ഞാൻ അർത്ഥിക്കുന്നു
തനിയെ ഉണരുന്ന സൂര്യനോടാണോ
അതോ തനിയെ പുഞ്ചിരിക്കുന്ന ചന്ദ്രനോടോ
ആരോടെന്നറിയാതെ ഞാനിതാ നിൽക്കുന്നു.
ഇലകൾ എന്നെ മാടിവിളിക്കുന്നു.
എനിക്കത് തോന്നിയതാവാം
ഇലകൾ തനിയെ എന്നോടെന്തു പറയണം
ഞാൻ എന്നോടെന്നെ ചോദിച്ചു
ഇലകളിൽ അശ്രുകൾ അർത്ഥിച്ചു.
നീ തനിയെ എന്താണ് ആലോചിക്കുന്നത്
ഈ പ്രപഞ്ചത്തിലെ സുഖസൗകര്യങ്ങൾ
ഞാൻ എൻ മനസ്സിൽ കൊണ്ടെത്തിച്ചു
നീ തനിയെ ഉത്ഭവിക്കുന്നു.
ഈ പ്രകൃതിയിലെ നിന്റെ ചന്തം
എന്നെ തനിയെ ഒരു അവശനാക്കി
ഞാനറിയാതെ വീണ്ടുമാ
സുന്ദരനിദ്രയിലേക്ക്
വീണുപോയി
വീണുപോയി സ്വപ്നങ്ങൾ വരുമോ താനേ.......



Meera.M
9-C

# നിലാവ്



ചെമ്പക മണമുള്ള തണുക്കുന്ന രാത്രിയിൽ
തനിയെ ഇരിക്കുന്ന പെൺകുട്ടി നീ
തനിയെ ഇരുന്നവൾ ഓർത്തു ചിരിക്കുന്നു
പണ്ടത്തെ ഓരോ ഓർമ്മകളായ്
തനിയെ ഇരുന്നങ്ങു ഓർക്കുന്ന നേരം
നിലാവുള്ള ചന്ദ്രൻ
ചിരിയോടെ അവളെ നോക്കുന്നു
അവളുടെ മനസ്സിൽ സന്തോഷം
നിറയുന്ന തനിയെ നിന്നൊരു രാത്രിയിലുണ്ട്
പിന്നെ പകലുമുണ്ട്
പൂരം കാണാനായി പോയി
പെൺകുട്ടിയും അച്ഛനും
കണ്ടു കഴിഞ്ഞവർ തിരികെ വരുമ്പോൾ
പാറക്കടവിൽ വെച്ച് മരണപ്പെട്ടു
പിന്നെ അവൾ തനിച്ചായി
തനിച്ചിരിക്കുമ്പോൾ അവൾ ഓർക്കുന്നു
തന്റെ പ്രിയപ്പെട്ട അച്ഛനെ
സങ്കടം വന്നാലും സന്തോഷം വന്നാലും
ആദ്യം പറയുന്ന അച്ഛനോട്
തന്റെ അച്ഛൻ അവളെ ഒറ്റയ്ക്കാക്കി
യിട്ടെവിടെയോ പോയി മറഞ്ഞു.

Anjitha.S
8-B

Neetha.R
9-C

# പ്രതീക്ഷ

ആരോരുമില്ലയെനിക്ക്, ഞാൻ
തനിയെ നിൽപ്പു ആ കാട്ടു
വഴിയിൽ എന്നെ തിരക്കാനോ
എന്നെയോർത്തു കരയാനോ
എനിക്ക് ആരാരുമില്ല ഈ നേരം
ജനിച്ചപ്പോൾ തന്നെ അമ്മയും അച്ഛനും
എന്നെ ഉപേക്ഷിച്ചു കാട്ടിൽ
ആരുമില്ലാതെ വയസ്സൻ
എന്നെയെടുത്ത് ആലോലമാട്ടി
വളർത്തിയങ്ങനെ സ്നേഹിച്ചു.
ചോർ ഊട്ടി തൻ മടിയിലി
രുത്തി കഥകൾ ചൊല്ലി തന്നു.
കഷ്ടപ്പാട് നിറഞ്ഞതായാലും
ദുഃഖം അറിയിക്കാതെ വളർത്തി
ഒരുനാൾ എന്നെ ചേർത്തു
പിടിച്ച് പറഞ്ഞു "മോനെ ഞാൻ
എത്രനാൾ ജീവിച്ചിരിക്കും
എന്നറിയില്ല നീ പഠിച്ച്
ഉയരങ്ങളെത്തണം" ആ നിമിഷം
ഞാൻ കാണാവേ ആ കണ്ണുകളിൽ
പൊടിയുന്ന തെളിനീർ.
രണ്ടു നാൾ കഴിഞ്ഞപ്പോൾ
എന്നെ വിട്ടു പിരിഞ്ഞു
ആരോരുമില്ലാതെ ഞാൻ
അലഞ്ഞുതിരിഞ്ഞു എന്നെ
അച്ഛനും അമ്മയും ഉപേക്ഷിച്ച
ആ കാട്ടിൽ ഞാൻ ജനിച്ചതു
പോലെ തന്നെ ഞാൻ വീണ്ടും
കാട്ടിലെത്തീടവേ ഞാൻ
പറഞ്ഞു "ദൈവമേ എന്തിനീ
ജീവിതം എനിക്ക് തന്നു"



# വിശപ്പിന്റെ മഴ !

അന്ന് പതിവിലും ശക്തിയായി മഴ പെയ്യുന്നുണ്ടായിരുന്നു. ക്ലാസ് റൂമിൽ ഇരുന്ന് മഴയെ നോക്കുമ്പോൾ മഴയ്ക്ക് വല്ലാത്ത ഒരു ഭംഗിയാണ്. പക്ഷേ ഇന്നത്തെ മഴ ആരുടെയോ സങ്കടത്തെ പെയ്തിറക്കുന്നത് പോലെയാണ് എനിക്ക് തോന്നിയത്. ഓടിട്ട മേൽക്കൂരിയും ചെങ്കല്ല് കൊണ്ട് കെട്ടിയ ചുമരുകളും ആയതിനാൽ നല്ല തണുപ്പ് അവിടെ എവിടെയായി ചോരുന്നുമുണ്ടായിരുന്നു ഞാൻ മഴയെ കുറിച്ച് ചിന്തിക്കാൻ തുടങ്ങി. ചിന്തകളിലേക്ക് ആഴുന്നു പെട്ടെന്ന് ബെല്ലടിച്ചു ഞാൻ ചിന്തകളിൽ നിന്നെല്ലാം ഉണർന്നു മഴ നിന്നു. അപ്പോഴാണ് കൂട്ടുകാരി വന്നു വിളിച്ചത് നീയെന്താ ആലോചിച്ചിരിക്കുന്നത് കഴിക്കാം മഴയുടെ സൗന്ദര്യം ആസ്വദിച്ചു നിന്ന് സമയം പോയത് അറിഞ്ഞില്ല. അങ്ങനെ എല്ലാവരും കൂടി കഴിക്കാൻ ഇരുന്നു. കഴിക്കുമ്പോഴേക്കും കൂട്ടുകാരികൾ എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു ഒന്ന് ശ്രദ്ധ തെറ്റിയപ്പോഴാണ് ഞാൻ ആ കാഴ്ച ഞാൻ കണ്ടത് അപർണ്ണയൊഴിച്ച് ബാക്കിയെല്ലാവരും ഒരുമിച്ചിരുന്നാണ് കഴിക്കുന്നത് പക്ഷേ അപർണ്ണമാത്രം ഒരു മൂലയ്ക്ക് മാറിയിരിക്കുന്നു. ഞാനെന്റെ കൂട്ടുകാരികളോട് പറഞ്ഞു അപ്പോഴാണ് അവർ അപർണ്ണയെ കുറിച്ച് എന്നോട് പറഞ്ഞത് അവൾക്ക് പത്തു വയസ്സ് തികയുന്നതിന് മുമ്പ് അവളുടെ അച്ഛൻ മരിച്ചു. പിന്നീട് രണ്ടു വർഷം കഴിഞ്ഞപ്പോൾ അമ്മയും കിടപ്പിലായി. ഇപ്പോൾ അവളെ നോക്കുന്നത് നല്ല പ്രായമുള്ള ഒരു മുത്തശ്ശിയാണ് അവർക്കാണെങ്കിൽ കുറച്ചുനാളായി വയ്യാതെ ഇരിക്കുകയാണ് അപർണ്ണയാണെങ്കിൽ നല്ലോണം പഠിക്കുന്ന ഒരു കുട്ടിയാണ്. ഇത്രയും പ്രശ്നങ്ങൾ ഉള്ള കുട്ടിയാണ് അവളെന്നറിഞ്ഞപ്പോൾ സങ്കടവും അതിലേറെ ബഹുമാനവും തോന്നി. അവൾ വെള്ളം കുടിക്കാൻ പോയ തക്കം നോക്കി ഞങ്ങൾ അവളുടെ ചോറ്റുപാത്രം തുറന്നു നോക്കി അത് ഒരുപിടി കണ്ണീരുപ്പുകൊണ്ട് നിറഞ്ഞിരിക്കുന്നു. ഞാനെന്റെ ഭക്ഷണം അവളുടെ ചുറ്റുപാത്രത്തിലേക്ക് ഇട്ടു വെള്ളം കുടിച്ച് അവൾ തിരിഞ്ഞു വന്നു ചോറ്റുപാത്രത്തിൽ ഒന്നും ഇല്ലെന്ന് അറിഞ്ഞിട്ടും അവൾ അത് തുറന്നു കരച്ചിൽ വടുകട്ടിയ ആ മുഖത്ത് പ്രതീക്ഷയുടെയും സന്തോഷത്തിന്റെയും പുഞ്ചിരി വിരിഞ്ഞു. അവൾ ഒരു നിമിഷം എന്നെ നോക്കി പുഞ്ചിരിച്ചു പെട്ടെന്ന് മഴ പെയ്തു തുടങ്ങി മഴ അങ്ങനെയൊക്കെയാണ്. ചിലപ്പോഴങ്ങ് ആനന്ദത്തിന്റെയും, അനുഗ്രഹത്തിന്റെയും, അനുഭൂതിയുടെയും പ്രതീകമായി. ചിലപ്പോഴാണ് കണ്ണീരിന്റെയും, വിശപ്പിന്റെയും കഷ്ടപാടിന്റെയും പ്രതീകമായി.....

Suni.S
8-A

Ebin Eldho
8-C

# POEM

## Slow Down

it is a strange
to long for slow
days filled with
quite moment of
Joy.
The seems to be
in a rush
but I choose
to remain Still

## Artifical Intelligence

AI. Now what is this
Dose it reffer to me?
Now I do wonder,
I gusses it dose
Nothing orginal
All banded down.

×——×

## Word of Silver


Dark cloud around
her, but the Attention
is on. Their silver
Lininga. Language.
charged Silly comma
feeling excapes
detection.

## Nature

The wind lift me up
into the trees,
Where I danced,
To the rythm
of the Evergreen.
Swaying to the tune
of northen breeze
frozen in timeless
melody....



Abhirami.B
8-C




"Education is the most Powerful weapon which you can use to change the world....

- Nelson Mandela.



Anusree.J
8-C

# FRIENDSHIP

---------------

This is the most powerful relation
Which encourage us
Which makes us happy
And who listen our problems!

That powerful relation
Which can be see at everywhere
Is that the friendship !

It is the first relationship
in earth Which never dies...



# യാത്ര

ഒഴുകിയൊഴുകി എന്നിൽനിന്നും...
കണ്മുന്നിലൂടെ
കൈപ്പിടിയിൽ നിന്നും..
തിരിച്ചുവരാതെ...

നഷ്ടപെടുമ്പോൾ മാത്രം വിലപ്പെട്ടതെന്ന്...
ഇന്നലെ വരെ കൂടെ
ഉറങ്ങിയും, ഉണ്ടും..
സ്വന്തമായിരുന്നു..

എന്നിലലിഞ്ഞവ.. ഞാൻ നിന്നിലും..
നഷ്ടപ്പെടുത്തിയില്ലെന്ന്
ഉറക്കെ പറയണം...
നിറഞ്ഞുകൊണ്ട്
യാത്രയാക്കണം...

അതാ സ്വപ്നത്തേരിലേറി വീണ്ടും...
നിന്നരികിലേയ്ക്ക്...
നിനക്കും എനിക്കും
ഒന്നാവാം..
ഒഴുകി പറക്കാം..
എങ്കിലേ നിനക്കെന്നെയും
എനിക്കുനിന്നെയും
നിറഞ്ഞ് യാത്രയാക്കാനാവൂ...
വിടയും ....വാങ്ങലും



Haseena Rahman
HST Malayalam

## കെട്ടടങ്ങാത്ത കലാപം

വീണിതല്ലോ കിടക്കുന്നു മനുഷ്യർ

ചൂട് ചോരയിൽ നഗ്നയായി

ജീവനറ്റുപോയ കുറെ ജീവിതങ്ങൾ

കലാപങ്ങൾ ഓരോന്നായി തുടങ്ങുന്നു

അവസാനമില്ലാത്ത പീഡനങ്ങൾ

വെള്ളയിട്ടിറങ്ങുന്ന കുറെ പേർ

ജനങ്ങളെ സേവിക്കേണ്ടവർ ജനങ്ങളെ കൊല്ലുന്നു

വലിയവർ ചെറിയവർ എന്ന വ്യത്യാസം

ഇല്ലാതെ വിഢ്ഢികളായ മനുഷ്യർ

അവസാനിക്കുന്നില്ല ഒന്നും തുടരുന്നു

പലരവിടെ പലരും അനുഭവിക്കുന്നു.



Fathima Mubashira.K.S
8-B

# കവിതകൾ

## വർണ്ണം

നീ എന്നുമൊരു  വർണ്ണം
ചിരിതൂകും നമ്മൾക്കെന്നും
പലവർണ്ണം ഇവിടെയുമുണ്ട്
നീ സുന്ദരമല്ലേ
ചിരിതൂകുമ്പോളൊരു
ഇവിടെ എല്ലാതും വർണ്ണം

## മഴയുണ്ടല്ലേ

മരമുണ്ടല്ലേ മഴയുള്ളൂ
മഴയുണ്ടല്ലേ നാമുള്ളൂ
നാമുണ്ടല്ലേ കഥയും
കഥ കേൾക്കാനേ രസമുള്ളൂ

## ഓണം

ഓണം വന്നു
മാവേലി വന്നു
മാ മലയാളം
പൂത്തു ചിരിച്ചു

## മഴ

നൊമ്പര മെഴുതി മഴയേ
എത്ര നീ വേദന തന്നുവെന്നാലും
പ്രണയിച്ചു പോയില്ലേ നിന്നെ ഞാൻ
മഴയേ.........
പ്രണയിച്ചിടും ഞാൻ ഇനിയും ഉള്ള കാലവും
നിൻ മഴത്തുള്ളി കിലുക്കമാണിപ്പഴും എൻ
ഇടനെഞ്ചിൽ ഹൃദയതാളം

## ചങ്ങാതി

ജീവിത വിജയം നേടാനായി അറിവുകൾ തേടി വളരേണം
അറിവുകൾ നേടാനായിട്ടോ വേണം നല്ലൊരു ചങ്ങാതി
പുസ്തകമെന്നൊരു ചങ്ങാതി കഥകൾ കവിതകൾ ചിത്രങ്ങൾ
എല്ലാം ചേർന്നൊരു ചങ്ങാതി
നേർവഴി കാട്ടും
ചങ്ങാതി



Niranjana 8C

# ബാല്യകാലം

മഞ്ചാടിക്കുരുവും കരിവളപൊട്ടും
പിന്നെ പുസ്തകത്താളിൽ
ഒളിപ്പിച്ചുവെച്ച മയിൽപീലി തുണ്ടും
നിറമുള്ള നിനവായ് ചിത്തത്തിൽ
തെളിയുമ്പോൾ.......
ഇന്നിതാ തിരികെ നടക്കുവാൻ
മോഹിച്ചുപോകുന്നു എൻമനം
കടലാസ് തോണികൾ ഒഴുകുന്നു
ബാല്യത്തിലേക്ക്.

## UP 2023 - 24







# 8th std 2023 - 24


















# 9th std 2023 - 24


9th A


9th B


9th C


9th D


9th E


9th F


G.H.S.S.KIZHAKKENCHERY
(S.S.L.C.BATCH 2023.2024)
STD:X.A


G.H.S.S.KIZHAKKENCHERY
(S.S.L.C.BATCH 2023.2024)
STD:X.B


G.H.S.S.KIZHAKKENCHERY
(S.S.L.C.BATCH 2023.2024)
STD:X.C


G.H.S.S.KIZHAKKENCHERY
(S.S.L.C.BATCH 2023.2024)
STD:X.D


G.H.S.S.KIZHAKKENCHERY
(S.S.L.C.BATCH 2023.2024)
STD:X.E

# G.H.S.S.KIZHAKKENCHERY
(STAFF 2023.2024)



# Sports Team







# JRC





# Little Kites School Camp







# നന്ദി......

ഞങ്ങളുടെ തണലായ് നിന്നവർക്ക്
ഒരായിരം നന്ദി......

ഋതു

**_Lk Mistresses_**
**_Linda & Asa Aravind_**

